**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4367** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഭൂപരിഷ്കരണ നിയമം പ്രകാരം ഏറ്റെടുത്ത ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ മലപ്പുറം ജില്ലയിൽ വിതരണം ചെയ്യുന്നതിനായി ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുത്ത മൂന്ന് സെന്റ് വീതമുള്ള പ്ലോട്ടുകൾ നിലവിലുണ്ടോ; ഇങ്ങനെ കണ്ടെത്തിയതിൽ വിതരണം ചെയ്യാത്ത എത്ര പ്ലോട്ടുകളാണ് നിലവിലുള്ളത്; വിശദാംശം നൽകുമോ; | (എ) | മലപ്പുറം ജില്ലയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ വിതരണം ചെയ്യാതെ അവശേഷിക്കുന്ന മൂന്ന് സെന്റ് വീതമുള്ള 121 പ്ലോട്ടുകൾ നിലവിലുണ്ട്. ഇവയുടെ താലൂക്ക് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. 1) തിരൂരങ്ങാടി താലൂക്ക് -4 പ്ലോട്ടുകൾ 2) പെരിന്തൽമണ്ണ താലൂക്ക് -9 പ്ലോട്ടുകൾ 3) കൊണ്ടോട്ടി താലൂക്ക് -16 പ്ലോട്ടുകൾ 4) ഏറനാട് താലൂക്ക് -57 പ്ലോട്ടുകൾ 5) നിലമ്പൂർ താലൂക്ക് -15 പ്ലോട്ടുകൾ 6) തിരൂർ താലൂക്ക് -20 പ്ലോട്ടുകൾ --------------------- ആകെ 121 പ്ലോട്ടുകൾ --------------------- |
| (ബി) | ഈ ഭൂമി ലൈഫ് പദ്ധതിയിലൂടെ വിതരണം ചെയ്യുവാൻ നിർദ്ദേശം നല്കിയിരുന്നോയെന്ന് അറിയിക്കുമോ; | (ബി) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഗുണഭോക്താക്കൾ അനർഹരായതു മുഖേന വിതരണം ചെയ്തിട്ടില്ലാത്ത പ്ലോട്ടുകൾ ലൈഫ് മിഷൻ പദ്ധതി പ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനായി വിനിയോഗിക്കാവുന്നതാണെന്ന് നിർദ്ദേശം നൽകിയിരുന്നു. |
| (സി) | ലൈഫ് പദ്ധതിയിൽ ഭൂമി വിതരണം ചെയ്യുവാനുള്ള സംവിധാനമില്ലാത്തതിനാൽ ഈ പ്ലോട്ടുകൾ കഴിഞ്ഞ അഞ്ച് വർഷമായി വിതരണം ചെയ്യാതെ കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഭൂമി ഭൂപരിഷ്കരണ നിയമം മൂലം വിതരണം ചെയ്യുവാൻ ഉത്തരവ് നല്കി, ദീർഘനാളത്തെ ഈ പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്ലോട്ടുകൾ വിതരണം ചെയ്യുന്നതിന് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതും പട്ടയം നൽകുന്നതും സംബന്ധിച്ച് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ